കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പാണ്ടനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
e-mail: ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം. കെ.എസ്.എ-എ.എൽ.പി-പി7-48/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
തീയതി :- 21.01.2017
ഫോൺ :- 0477 2252753
ഇ-മെയിൽ :- ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാണ്ടനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പാണ്ടനാട് ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡിക 2-1 ലേയ്ക്കും ഭാഗം 3ലെ ഖണ്ഡിക 3-1 ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി7-48/17 തീയതി: 21.01.2017

# ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.01.2016 മുതൽ 09.01.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 09.01.2017 മുതൽ 18.01.2017 വരെ | ശ്രീമതി.എൻ. സുജ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീമതി. ദീപ കെ.ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ഷീബ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി. വത്സലാ മോഹൻ | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.12.2015 വരെ |
| 3 | ശ്രീ. ശിവൻകുട്ടി ഐലാരത്തിൽ | 19.12.2015 മുതൽ 31.03.2016 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ. കെ.എസ്.രാമചന്ദ്രൻ | 01.04.2015 മുതൽ 27.05.2015വരെ |
| 2 | ശ്രീമതി. മിനിമോൾ. സി | 28.05.2015 മുതൽ 26.07.2015 വരെ |
| 3 | ശ്രീ.ഫൈസൽ. എ. എസ് | 27.07.2015 മുതൽ 31.03.2016 വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ശ്രീ. കെ.പി. രാജേന്ദ്രൻ | ധനകാര്യം | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | ശ്രീമതി. ഹാൻസി മാത്യു | | 19.12.2015 മുതൽ 31.03.2016 വരെ |
| 3 | ശ്രീമതി. ജയ മഹേഷ് | വികസനകാര്യം | 01.04.2015 മുതൽ 31.10.2015 വരെ |
| 4 | ശ്രീ. കെ. റ്റി ബാലകൃഷ്ണൻ | | 19.12.2015 മുതൽ 31.03.2016 വരെ |
| 5 | ശ്രീമതി. പ്രീത സജി | ആരോഗ്യ - | 01.04.2015 മുതൽ 31.10.2015 വരെ |
| 6 | ശ്രീ. ജോക്കബ്.പി.സി. (ജോജി പാലങ്ങാട്ടിൽ) | വിദ്യാഭ്യാസകാര്യം | 19.12.2015 മുതൽ 31.03.2016 വരെ |
| 7 | ശ്രീ. മാത്യു ജോർജ് | ക്ഷേമകാര്യം | 01.04.2015 മതൽ 31.10.2015 വരെ |
| 8 | ശ്രീമതി. ഫിലോമിന | | 19.12.2015 മുതൽ 31.03.2016 വരെ |

മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി. ബിന്ദു. എസ് | 01.04.2015 മുതൽ 31.03.2016 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. അനീഷ് രാജൻ | 01.04.2015 മുതൽ 04.03.2016 വ രെ |
| | | ഡോ. ഹരികുമാർ | 04.03.2016 മുതൽ 31.03.2016 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ആനന്ദലക്ഷ്മി. എം | 01.04.2015 മുതൽ 20.11.2015 വരെ |
| | | ശ്രീമതി. കൃഷ്ണകുമാരി | 20.11.2015 മുതൽ 31.03.2016 വരെ |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. ഷീജ. പി.എൻ | 01.04.2015 മുതൽ 31.03.2016 വരെ |
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ശ്രീകുമാർ പി | 01.04.2015 മുതൽ 31.03.2016 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സെലിൻ സക്കറിയ | 01.04.2015 മുതൽ 21.08.2015 വരെ |
| | | ഡോ. റ്റീജ എലിസബത്ത് | 22.08.2015 മുതൽ 31.03.2016 വരെ |
| 7 | ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | ശ്രീമതി. രത്നകുമാരി അമ്മ | 01.04.2015 മുതൽ 31.03.2015 വരെ |
| 8 | അസിസ്റ്റന്റ് എൻജിനിയർ | ശ്രീ. അഫ്സൽ. വൈ | 01.04.2015 മുതൽ 30.04.2015 വരെ |
| | | ശ്രീമതി. ഷംല | 01.05.2015 മുതൽ 31.07.2015 വരെ |

| | | | |
|---|---|---|---|
| | | ശ്രീ. എം. എസ്. സുജിത്ത് രാജൻ | 01.08.2015 മുതൽ 31.08.2015 വരെ |
| | | ശ്രീമതി. സൂസൻ ജേക്കബ് | 01.09.2015 മുതൽ 31.03.2016 വരെ |
| 9 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജയകൃഷ്ണൻ | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1 മുതൽ 1-10 വരെ | പൊതു അവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | തനത് വരുമാനം വർദ്ധിപ്പിക്കൽ - പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല |
| 3 | 2-2 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല. |
| ഭാഗം – 3 | | |
| 4 | 3-1 | പദ്ധതി രൂപീകരണം, നിർവ്വഹണം ഇവയിലെ പാളിച്ചകൾ |
| 5 | 3-2 | അഗതിആശ്രയപദ്ധതി അവലോകനം. |
| 6 | 3-3 | ബ്ലൈന്റിംഗ് മെറ്റീരിയലിന് അധിക വില നൽകിയത് അനുവദനീയമല്ല. |
| 7 | 3-4 | കനാൽ അറ്റകുറ്റപ്പണിക്കായുള്ള പ്രോജക്റ്റുകൾ-അപാകതകൾ |
| 8 | 3-5 | ഭവനപുനരുദ്ധാരണം - പ്രോജക്ടിലെ ന്യൂനതകൾ - സംബന്ധിച്ച് |
| 9 | 3-6 | പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം, നിർവഹണം - അപാകതകൾ |
| ഭാഗം – 4 | | |
| 10 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015 -16 വർഷത്തെ ബജറ്റ് 20.03.15 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 45800748 | 58756331 |
| വാർഷിക കണക്ക് പ്രകാരം | 16657577 | 24446683 |

പ്രതീക്ഷിത വരവ് ചെലവുകൾ യഥാർത്ഥ വരവ് ചെലവുകളിൽ നിന്നും തീർത്തും വിഭിന്നമാണ്. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31-07-2016 | 31-07-2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12158953 |
| വരവ് | 16657577 |
| ആകെ | 28816530 |
| ചെലവ് | 24446683 |
| നീക്കിയിരിപ്പ് | 4369847 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | റ്റി. സി . ചെയ്തു ലഭിച്ച തുക | തൻ വർഷ അലോട്മെന്റ് | അലോട് മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2)+(3)+(5) | ചെലവ് | റ്റിസി ചെയ്തു നൽകിയ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1017910 | 5652566 | 4181892 | ---- | 6670476 | 6670476 | --- | ----- |
| വികസനഫണ്ട് എസ്.സി.പി. | 2169393 | ----- | | 2310024 | 4479417 | 2455024 | 2024393 | ---- |
| വികസനഫണ്ട് ടി.എസ്.പി. | --- | --- | ----- | ----- | ---- | | | |
| സംരക്ഷണഗ്രാന്റ് റോഡ് | 26603 | ---- | | 2452060 | 2478663 | 2452060 | 26603 | |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1178250 | 26603 | | 303549 | 1508402 | 1508402 | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1740317 | 0 | | 3159049 | 4899366 | 2785193 | 2114173 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് | 1514000 | ----- | | 1493775 | 3007775 | 1493775 | 1514000 | |
| എം.എൻ.ആർ. ഇ. ജി.എസ്. | 1363 | | 6910179 | | 6910179 | 6843077 | | 67102 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 90 | 25951831 | 61 | 15725782 | 24 | 5 | 77% |

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2068445 | 1485365 | (-) 583080 | (-)28.19% |
| നികുതിയേതര വരവുകൾ | 207952 | 133808 | (-) 74144 | (-)35.65% |
| മറ്റ് വരവുകൾ | 228811 | 154311 | (-) 74500 | (-)32.56% |
| ആകെ | 2505208 | 1773484 | (-) 731724 | (-)29.21% |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45240 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 3158790 | 447 |

| | | |
|---|---|---|
| വിധവാപെൻഷൻ | 2986440 | 311 |
| വാർദ്ധക്യകാലപെൻഷൻ | 4773900 | 500 |
| വികലാംഗപെൻഷൻ | 1200600 | 132 |
| അവിവാഹിതപെൻഷൻ | 65920 | 0 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.01.2017ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3102/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.2016 | 10/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2013 – 21.11.2013 | 2008-09 മുതൽ 2012-13 വരെ | 20.12.2013 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനം വർദ്ധിപ്പിക്കൽ - പഞ്ചായത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല

പഞ്ചായത്തിലെ നികുതി പിരിവുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്ററുകൾ, ബാങ്ക് പാസ്ബുക്ക്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ തനത് ഫണ്ട് തീരെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടു. 10 ലക്ഷം രൂപയിൽ താഴെയാണ് പ്രതിമാസ നീക്കിയിരിപ്പ്. തനതുവരുമാനം തീരെ കുറവായ പാണ്ടനാട് ഗ്രാമപഞ്ചായത്തിൽ നികുതി പിരിവിൽ വീഴ്ചയുള്ളതായി ബോദ്ധ്യപ്പെട്ടു. നികുതി പിരിവുമായി ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ ചുവടെ കൊടുക്കുന്നു.

എ) ഡി & ഒ ലൈസൻസ് - നിയമവും ചട്ടങ്ങളും പൂർണ്ണമായി പാലിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പഞ്ചായത്ത് പ്രദേശത്ത് കച്ചവടസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നത് ഉചിതമല്ല. പഞ്ചായത്തിന്റെ പരിധിയിൽ ധാരാളം ധനകാര്യ സ്ഥാപനങ്ങൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയൊന്നും ലൈസൻസ് എടുത്തതിന്റെ രേഖകൾ ലഭ്യമല്ല. പഞ്ചായത്ത് ഹാജരാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമായതിനാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന വ്യാപാര സ്ഥാപനങ്ങളെ പൂർണ്ണമായി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ഉറപ്പുവരുത്താൻ കഴിയില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമാക്കി എല്ലാ വ്യാപാര വ്യവസായ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ്&സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in-ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 12 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടകളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

സി) ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ആകെ ലൈസൻസ് എടുത്ത 180 വ്യാപാരികളിൽ 33 പേർ മാത്രമാണ് ഈ സമയക്രമം പാലിച്ചിട്ടുള്ളത്. ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഡി) ഫിറ്റ്നെസ് സർട്ടിഫിക്കറ്റില്ലാതെ അൺഎയിഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു

പൊതു വിദ്യാഭ്യാസ വകുപ്പ് ഉത്തരവ് നം. ജി.ഒ (ആർ.റ്റി) 2427/2007, പൊ.വി. 01.08.2007 പ്രകാരം, തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നല്കുന്നതിന് എൽ.എസ്.ജി.ഡി എഞ്ചിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.ഒ (പി) 84197/ പി.ഡബ്ളിയു & റ്റി, 19.08.1997 അനുസരിച്ച് അൺ-എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നെസ് ഫീ പ്രതിവർഷം 1000/- രൂപയാണ്. പാണ്ടനാട് ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പാണ്ടനാട് പ്രവർത്തിക്കുന്ന എം.എ.എം, വിവേകാനന്ദ എന്നീ സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ടി സ്കൂളുകൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ഫിറ്റ്നെസ് ഫീസീടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതുമാണ്.

ഇ) പരസ്യ നികുതി ഈടാക്കുന്നില്ല.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പൊതുജനങ്ങൾക്ക് കാണത്തക്കവിധം പരസ്യം പ്രദർശിപ്പിച്ചാൽ സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി കൊടുക്കേണ്ടതാണ്. പഞ്ചായത്തിലെ 2015-16 ലെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ പരസ്യ ഇനത്തിൽ വരവ് വന്നിട്ടില്ല. ബൈലാ തയ്യാറാക്കി പരസ്യ നികുതി ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

എഫ് )ഇടക്കടവ് വിനോദ സഞ്ചാര പദ്ധതി – പഞ്ചായത്തിന് വരവ് ലഭിക്കുന്നില്ല.

പാണ്ടനാട് ഗ്രാമപഞ്ചായത്തിലെ V, VI വാർഡുകളിൽ ഉൾപ്പെടുന്ന ബ്ലോക്ക് നമ്പർ 5 ൽ റീസർവ്വേ നമ്പർ 637 ൽ ഉൾപ്പെട്ടുവരുന്ന പമ്പാ നദി പുറമ്പോക്ക് സ്ഥലത്താണ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിലുള്ള ഇടക്കടവ് ടൂറിസം പദ്ധതി 25.02.2016 മുതൽ പ്രവർത്തിച്ചുവരുന്നത്. നാളിതുവരെയുള്ള രസീതുകൾ പരിശോധിച്ചതിൽ ടൂറിസം പദ്ധതിയുടെ ഭാഗമായി നിർമ്മിച്ചിരിക്കുന്ന കെട്ടിടങ്ങളുടെ നികുതിയിനത്തിലും, ജീവനക്കാരുടെ തൊഴിൽ നികുതി, വിനോദ നികുതി എന്നീ ഇനങ്ങളിലും യാതൊരു തുകയും പഞ്ചായത്തിന് വരവ് ലഭിച്ചിട്ടില്ല. വിനോദ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ജി) മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14-01-2011ലെ 19/2011 നമ്പർ ഉത്തരവിൽ ഗ്രാമ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതി, ലഭ്യമായ തോതിന് (400-500) അനുസൃതമായി, നിശ്ചയിച്ച് ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം വസ്തുനികുതി ച. മീറ്ററിന് കുറഞ്ഞത് 450/- രൂപയാണ്. ഗ്രാമ പഞ്ചയത്തിന്റെ വസ്തുനികുതി രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി തൻവർഷം ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

| ക്രമ നമ്പർ | മൊബൈൽ കമ്പനി | ടവറിന്റെ അളവ് | ഈടാക്കേണ്ട നികുതി |
|---|---|---|---|
| 1 | ഇൻഡസ് ടവ്വേഴ്സ്, വൻകാരത്ത് ടവ്വേഴ്സ്, കൊച്ചി | 18 $M^2$ | 8100.00 |
| 2 | വയർലസ് റ്റി.റ്റി ഇൻഫോം സർവ്വീസ് ലിമിറ്റഡ്, കൊച്ചി | 18 $M^2$ | 8100.00 |
| 3 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്, പാലാരിവട്ടം, കൊച്ചി | 18 $M^2$ | 8100.00 |
| | | ആകെ | 24300.00 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.2 തീയതി.10.01.2017 ന്, ടവ്വറുകളുടെ വസ്തു നികുതിക്കായി നിരവധി തവണ ടവറുകളുടെ അധികൃതരുമായി ഫോണിൽ ബന്ധപ്പെടുകയും നികുതി വർദ്ധിപ്പിച്ച് നോട്ടീസയയ്ക്കുകയും ചെയ്തെങ്കിലും നാളിതുവരെ ടിയാളുകൾ വസ്തു നികുതി ഒടുക്കിയിട്ടില്ലെന്നും, ടവറുകളുടെ അധികൃതർക്ക് എ4-1423/16 നമ്പർ പ്രകാരം ആർ. ആർ നോട്ടീസ് നൽകിയിട്ടുള്ളതാണെന്നും മറുപടി നൽകി. മേൽ തുക, 12 ശതമാനം പലിശ സഹിതം കമ്പനികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

തനത് ഫണ്ട് തീരെ കുറവുള്ളതും ദൈനംദിന ചെലവുകൾക്കുപോലും വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുമായ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനങ്ങൾ വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. ടി വിഷയം ഗൗരവമായി കണ്ട് പഞ്ചായത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തെ ഡിപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2006-07 സാമ്പത്തിക വർഷം മുതലുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ രജിസ്റ്ററിൽ ഇപ്പോഴും എഴുതി തുടർന്നുവരുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. 2015-16 ൽ രജിസ്റ്റർ പ്രകാരമുള്ള അവസാന ബാക്കിയായ 1,44,714- രൂപയിൽ 1,00,555/ രൂപയും 2006-07 മുതൽ 2012-13 വരെയുള്ള കാലയളവിലേതാണ്. കേരള ഫിനാൻഷ്യൽ

കോഡിലെ ആർട്ടിക്കിൾ 282 പ്രകാരം 3 വർഷത്തിലധികമുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ സർക്കാർ/ തദ്ദേശ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. രജിസ്റ്ററിൽ തുടർന്നു വരുന്ന 2006-07 മുതലുള്ള നിക്ഷേപങ്ങൾ/നിരതദ്രവ്യം തുകകൾ പഞ്ചായത്തു കമ്മിറ്റി തീരുമാനത്തിനു വിധേയമായി ഗ്രാമപഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി രൂപീകരണം, നിർവ്വഹണം ഇവയിലെ പാളിച്ചകൾ

സമൂഹത്തിലെ സാമ്പത്തികമായി പിന്നാക്കാവസ്ഥയിലുള്ള വിഭാഗങ്ങൾക്ക് അർഹമായ സബ്സിഡി നൽകുന്നതിനായി പദ്ധതിപണം വിനിയോഗിക്കുന്നതിന് സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ സ്ഥാപനത്തിനും നൽകുന്ന തുക അർഹരായ പരമാവധി ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനാണ് അതത് മേഖലയിൽ പ്രാവിണ്യമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളത്. നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി നിർദ്ദേശങ്ങളും, ഇതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളും മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച സംഭവിച്ചതായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രായോഗികമായി നടപ്പാക്കാൻ കഴിയാത്ത പദ്ധതികൾക്കായി തുക വകയിരുത്തിയതും, അർഹമായ സബ്സിഡിയിൽ കുറവുമാത്രം ഉൾപ്പെടുത്തി പ്രോജക്റ്റ് തയ്യാറാക്കിയതും കാരണം വികസന ഫണ്ടിന് നഷ്ടം സംഭവിച്ചു എന്നുമാത്രമല്ല ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നിഷേധിക്കപ്പെടുകയും ചെയ്തു.

*പദ്ധതി രൂപീകരണം, നടത്തിപ്പ് ഇവയിലെ പ്രധാന അപാകതകൾ.*

1. *അർഹമായ സബ്സിഡി നൽകിയില്ല.*
   ഭവനപുനരുദ്ധാരണം.
   വി.ഇ.ഒ.നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ഈ പ്രോജക്റ്റിന് പട്ടികജാതി ഗണഭോക്താക്കൾക്ക് നൽകാവുന്ന സബ്സിഡി 50000/- രൂപ ആയിരുന്നു. എന്നാൽ 25000/- രൂപ മാത്രം വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയതിനാൽ ചെലവു പകുതിയായി കുറഞ്ഞു. ഗുണഭോക്താക്കൾക്ക് അർഹമായ തുക ലഭിച്ചില്ല, ചെലവഴിക്കാത്ത തുക പഞ്ചായത്തിന് നഷ്ടമായി.
2. *ലഭിക്കാൻ സാധ്യതയില്ലാത്ത ഫണ്ടുകൾ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കി.*
   ഖരമാലിന്യത്തിനായി കേന്ദ്രവിഹിതം 2696000/- രൂപ വകയിരുത്തി 2013ൽ തയ്യാറാക്കിയ പ്രോജക്റ്റ് ഇപ്പോഴും സ്പിൽ ഓവറായി തുടരുന്നു. പഞ്ചായത്തിന് കേന്ദ്രവിഹിതം ഒന്നും ലഭിച്ചിട്ടില്ല. ഇല്ലാത്ത ഫണ്ടിന് ഭരണാനുമതി നൽകി പ്രോജക്റ്റ് തയ്യാറാക്കിയത് ക്രമപ്രകാരമല്ല.
3. *പശ്ചാത്തല മേഖലയിൽ ചെലവു ശതമാനം വളരെക്കുറഞ്ഞു.*
   പശ്ചാത്തലമേഖലയിൽ വകയിരുത്തിയതിന്റെ പകുതി തുക പോലും ചെലവഴിച്ചിട്ടില്ല. അംഗീകാരം ലഭിച്ച 16 പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടില്ല.

കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്ന പുതിയ സമ്പ്രദായത്തിൽ സ്പിൽ ഓവർ പ്രോജക്റ്റുകൾക്കായി അനുവദിക്കുന്ന തുക മാർച്ച് മാസത്തിനകം ചെലവഴിച്ചില്ലെങ്കിൽ ലാപ്സായി പോകും എന്നതിനാൽ ടി തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് അടിയന്തിരനടപടികൾ കൈക്കൊള്ളേണ്ട താണ്. പ്രോജക്റ്റ് രൂപീകരണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 അഗതി ആശ്രയ പദ്ധതി അവലോകനം.

1. *അഗതി ആശ്രയ പദ്ധതി അവലോകനം.*
   അഗതി ആശ്രയപദ്ധതി ഒന്നാം ഘട്ടം പ്രകാരം 26 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നത്. എങ്കിലും

നിലവിൽ 17 പേർ മാത്രമാണുള്ളത്. രണ്ടാം ഘട്ട പ്രോജക്റ്റിന് അംഗീകാരം ലഭിച്ചിട്ടില്ല.

2. ***വിലയിരുത്തൽ സമിതികൾ നിഷ്ക്രിയം.***

ആശ്രയ പദ്ധതി മോണിറ്ററിംഗിനായി ഒരു വിലയിരുത്തൽ ഉപസമതി രൂപീകരിക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപെഴ്സൺ, സെക്രട്ടറി, സി.ഡി.എസ്സ് ചെയർപെഴ്സൺ, മെമ്പർ സെക്രട്ടറി, മെഡിക്കൽ ഓഫീസർ, അംഗൻവാടി സൂപ്പർവൈസർ, സി.ഡി.എസ്സിലെ ആശ്രയയുടെ ചുമതലയുള്ള അംഗം, ഈ രംഗത്ത് പ്രവർത്തിക്കാൻ താൽപര്യമുള്ള രണ്ട് സാമൂഹ്യ പ്രവർത്തകർ എന്നിവർ അംഗങ്ങളായുള്ള ഈ സമതി ആശ്രയ പ്രോജക്റ്റുകൾ മോണിറ്റർ ചെയ്യേണ്ടതും രണ്ടുമാസത്തിൽ ഒരിക്കൽ പഞ്ചായത്ത് സമിതി നിർബന്ധമായും ആശ്രയപദ്ധതി നടത്തിപ്പുകൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ ഈ വിധത്തിലുള്ള വിലയിരുത്തലുകൾ ഭരണസമിതിയുടെ ഭാഗത്തു നിന്നോ സി.ഡി.എസ്സിന്റെ ഭാഗത്തുനിന്നോ ഉണ്ടാകുന്നില്ല. ഒന്നാം ഘട്ട ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ പുനർ നിർണ്ണയിക്കേണ്ടതും അനർഹരായവരെ ഒഴിവാക്കി അടിസ്ഥാന ആവശ്യങ്ങൾക്ക് അർഹരായവരെ അതാത് ഗുണഭോക്തൃപട്ടികയുടെ ആദ്യ ഗുണഭോക്താക്കളായി പരിഗണിച്ച് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

3. ***ചലഞ്ച് ഫണ്ട് -നീക്കിയിപ്പ് വിവരം.***

പാണ്ടനാട് ഗ്രാമപഞ്ചായത്ത് അഗതി ആശ്രയ പദ്ധതിക്കായുള്ള ഒന്നാം ഘട്ട ചലഞ്ച് ഫണ്ടിനത്തിൽ 10,00,000/- രൂപ ലഭിച്ചിരുന്നു. സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യയുടെ 1480422109 -ാം നമ്പർ അക്കൗണ്ടിൽ 10,28,935/- രൂപ 01-01-2017-ൽ അവശേഷിക്കുന്നു. പദ്ധതിവിഹിതം ഇനത്തിൽ ലഭിച്ച തുകകൾ ജില്ലാ സഹകരണ ബാങ്കിലുള്ള മറ്റൊരു അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. ഈ അക്കൗണ്ടിൽ 440445/- രൂപ നിലനിൽക്കുന്നു. മുൻ വർഷങ്ങളിൽ ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം, കമ്പ്യൂട്ടർ വാങ്ങൽ എന്നിവക്കായി ലഭിച്ച തുകകൾ ഈ അക്കൗണ്ടിൽ നിൽക്കുന്നു. അടിസ്ഥാന സൌകര്യ വികസനത്തിനായി ചലഞ്ച് ഫണ്ടിൽനിന്ന് 181258/- രൂപ ചെലവഴിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിയ്ക്കായി ഒരു അക്കൗണ്ട് മാത്രം ആവശ്യമുള്ളൂ എന്നതിനാൽ സഹകരണ ബാങ്കിലെ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് തുക ദേശസാൽകൃത ബാങ്കിലുള്ള അക്കൗണ്ടുകളിലേക്ക് മാറ്റേണ്ടതാണ്.

4. ***ചലഞ്ച് ഫണ്ട് വിനിയോഗം വിപുലപ്പെടുത്തണം.***

ഭക്ഷണത്തിനു വേണ്ടി മാത്രമാണ് ഇപ്പോൾ ചലഞ്ച് ഫണ്ട് ഉപയോഗിക്കപ്പെടുന്നത്. അഗതി ആശ്രയ പദ്ധതിയിലെ മിക്ക അംഗങ്ങളും പല രോഗങ്ങൾക്കും അടിമകളാണ്. എങ്കിലും ചികിൽസാ സഹായം ലഭിക്കുന്നില്ല. GO(MS)No.4/2016, തീയതി. 11-01-2016 പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗ്ഗനിർദ്ദേശം അനുബന്ധം 13 ഖണ്ഡിക 6-3(9) പ്രകാരം അഗതി കുടുംബങ്ങൾക്ക്ചികിൽസാ ചെലവ് സൗജന്യമായി ലഭ്യമാക്കണമെന്നും ആവശ്യമെങ്കിൽ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും തുക ചെലവഴിക്കാമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. അർഹരായവർക്ക് ചികിൽസാ രേഖകളും ബില്ലുകളും ഹാജരാക്കുന്ന മുറയ്ക്ക് ചികിൽസാ സഹായം നൽകാവുന്നതാണ്. കൂടാതെ ഖണ്ഡിക 6-11(9) പ്രകാരം ചലഞ്ച് ഫണ്ടിന്റെ 1% റിസർവ് ഫണ്ടായി സൂക്ഷിക്കാവുന്നതും അഗതി കുടുംബാംഗങ്ങൾക്ക് പെട്ടെന്നുണ്ടാകുന്ന അത്യാഹിതങ്ങൾ, ആരോഗ്യ പ്രശ്നങ്ങൾ ഇവയ്ക്ക് സി.ഡി.എസ്സ് തീരുമാനപ്രകാരം ചെലവഴിക്കാവുന്നതുമാണ്. അഗതികുടുംബങ്ങളെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുന്നതിനും ലഭ്യമായ ഫണ്ട് ചെലവഴിക്കുന്നതിനും ജീവനക്കാരും ഭരണസമിതിയും ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-3 <u>ബ്ലൈന്റിംഗ് മെറ്റീരിയലിന് അധിക വില നൽകിയത് അനുവദനീയമല്ല.</u>

DSR 2014 ഐറ്റം നമ്പർ 16.3.9 പ്രകാരം ബ്ലൈന്റിംഗ് മെറ്റീരിയലിനായി ഉപയോഗിക്കുന്ന റെഡ് എർത്തിന് 390.20 രൂപ മാത്രമാണ്. ഇതിന് പകരം മാർക്കറ്റ് നിരക്ക് നൽകി. 1m$^3$ന് 650/- രൂപയും കൺവേയൻസ് 133.11 രൂപയും കണക്കാക്കി കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെയാണ് 1325.35 രൂപ നിരക്ക് കണക്കാക്കിയിട്ടുള്ളത്. എന്നാൽ 10-2-2014 ലെ സി.ഇ യുടെ സർക്കുലർ പ്രകാരം മാർക്കറ്റ് നിരക്ക് നൽകുന്നവയ്ക്ക് കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കണം എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇത് പാലിക്കാതെയാണ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

മാർക്കറ്റ് നിരക്ക് പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്ക് 909.58(790.94CP ഒഴികെ) ആണ്. ഈ നിരക്കിനെ കോസ്റ്റ് ഇൻഡക്സ് കൊണ്ട് ഗുണിക്കേണ്ടതില്ല. താഴെ വിവരിക്കുന്ന പ്രവൃത്തികളിൽ അധികനിരക്ക് നൽകിയിട്ടുള്ളത് തെറ്റായി നിരക്ക് തയ്യാറാക്കിയ അസിസ്റ്റന്റ് എൻജീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവരിൽനിന്ന് ഈടാക്കണം.

| ക്രമ നം. | പ്രവർത്തിയുടെ പേരും വിശദാംശങ്ങളും. | ബ്ലെന്റിംഗ് മെറ്റീരിയലിന്റെ അളവ് & നൽകിയ വില | നല്കാവുന്നത് | അധികം നൽകിയത്. | ഉത്തരവാദികളായ ഉദ്യോഗസ്ഥർ |
|---|---|---|---|---|---|
| 1 | വഴീത്രപ്പടി-കാക്കത്തോട് റോഡ് മെറ്റലിംഗ്.<br>എം.ബുക്ക് – 135/15-16<br>കോൺട്രാക്ടർ- ശ്രീ.എം.പി.ബാബു.<br>ബിൽ നം. – 26/15-16<br>തീയതി – 30-3-2016<br>തുക -180108 | 5.85m$^3$@1325.35<br>= 7753രൂപ | 5.85@909.58=<br>5321 | 2432 | അഫ്സൽ.വൈ<br>(അസിസ്റ്റന്റ് എഞ്ചിനീയർ)<br>കെ.ജി.ശ്രീകല.<br>(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) |
| 2 | സെന്റ്പോൾസ് മാർത്തോമാ ചർച്ച് ആയിക്കൊള്ളിപ്പടി റോഡ് മെറ്റലിംഗ്.<br>എം.ബുക്ക് നം – 89/-1615<br>കോൺട്രാക്ടർ – ശ്രീ.ഇ.ഒ.തോമസ്സ്.<br>ബിൽനം – 715-16<br>തീയതി – 10-2-2016<br>തുക – 256670/- രൂപ | 10.89m$^3$@1325.35=<br>14433.06രൂപ | 10.89m$^3$@909.58=<br>9905.32 | 4528 | |
| 3 | മാടാനപ്പള്ളി പറക്കടവ് മെറ്റലിംഗ് & ടാറിംഗ്.<br>കോൺട്രാക്ടർ – ശ്രീ.എം.പി.ബാബു.<br>എം.ബുക്ക് – 90/15-16<br>ബിൽ നം. – 13/15-16<br>തീയതി . 10-2-2016<br>471128/- രൂപ | 5.57m$^3$@1325.35=<br>7382.20 | 5.57m$^3$@909.58=<br>5066 | 2316 | |
| 4 | പ്ലാക്കീഴിൽപ്പടി മുക്കംവേലിപ്പടി റോഡ് മെറ്റലിംഗ്.<br>എം.ബുക്ക് നം. – 51/15-16<br>കോൺട്രാക്ടർ – ശ്രീ. ബിജി ചെറിയാൻ<br>ബിൽ നം – 3/15-16,<br>തീയതി – 31-12-2015<br>തുക – 394247രൂപ. | 14.38m$^3$@1325.35=<br>18541.64 | 14.38m$^3$@909.58<br>=13079 | 5463 | |
| | ആകെ. | | | 14739 | |

# 3-4 കനാൽ അറ്റകുറ്റപ്പണിക്കായുള്ള പ്രോജക്ടുകൾ–അപാകതകൾ

1. ലിഫ്റ്റ് ഇറിഗേഷൻ കനാലുകൾ – ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമല്ല.

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പേജ് 1, 4 എന്നിവയിൽ 'ലിഫ്റ്റ് ഇറിഗേഷൻ' എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് ഏത് വാർഡിലുള്ളതാണ് എന്നോ, ഇതിന്റെ അളവ് സംബന്ധിച്ചോ യാതൊരു രേഖപ്പെടുത്തലും ഇല്ല. 6-ാം പേജിൽ ഇറിഗേഷൻ കനാൽ വാർഡ് 2 എന്ന രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിന്റെയും നീളം, വീതി തുടങ്ങിയ വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ലിഫ്റ്റ് ഇറിഗേഷൻ കനാലുകളുടെ കൃത്യമായ വിവരം ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

2. <u>ഗുണഭോക്തൃ വിഹിതം കുറവുവരുത്താതെ കൺവീനർക്ക് തുക നൽകി.</u>

ജലസേചന പ്രോജക്റ്റുകളിൽ 10% ഗുണഭോക്തൃ വിഹിതം ഉൾപ്പെടുത്തി നിർവഹിക്കണമെന്നും, ഇത് സമാഹരിക്കുവാൻ സാധ്യമാകാത്ത പക്ഷം ബില്ലിൽ നിന്ന് ടി തുക കുറവു ചെയ്ത് മാത്രം പേയ്മെന്റ് നൽകിയാൽ മതി എന്നും പദ്ധതി നിർദ്ദേശങ്ങളിൽ പ്രത്യേകം വ്യക്തമാക്കിയിരുന്നു. എന്നാൽ പാണ്ടനാട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ കനാൽ നവീകരണ പദ്ധതിയിൽ ഗുണഭോക്തൃവിഹിതം വകയിരുത്തിയിരുന്നു എങ്കിലും ഗുണഭോക്തൃവിഹിതം പിരിക്കുകയോ, ബില്ലിൽ കുറവു ചെയ്യുകയോ ചെയ്തിട്ടില്ല. അധിക ചെലവ് 8094/- രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എൻജിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

| പ്രവർത്തിയുടെ പേര് | ചെലവു തുക | ഈടാക്കേണ്ടിയിരുന്ന ഗുണഭോക്തൃ വിഹിതം. | ചെലവുവിവരം |
|---|---|---|---|
| ലിഫ്റ്റ് ഇറിഗേഷൻ കനാൽ മെയ്ന്റനൻസ്. 55/16 | 76602/- VAT – 3613/- രൂപ, KCWF – 723/- രൂപ എന്നിവ കിഴിച്ച് 72266/- രൂപ കൺവീനർക്ക് നൽകി. | 80936x10%=8094. | ബിൽ നം.-19/15-16 തീയതി- 17-2-16 |

3. കൺവീനറിൽ നിന്ന് വാറ്റ്, ഇൻകം ടാക്സ് എന്നിവ ഈടാക്കി.

55/15-16 പ്രോജക്ടിനായി ഗുണഭോക്തൃ സമിതി കൺവീനറിൽ നിന്നും വാറ്റും, ക്ഷേമനിധി വിഹിതവും ഈടാക്കി. കൺവീനർ വർക്കുകളിൽ വാറ്റ്, ക്ഷേമനിധി വിഹിതം എന്നിവ ഗുണഭോക്തൃ സമിതിയിൽ നിന്ന് ഈടാക്കാൻ പാടില്ല എന്നും, ഇത് പഞ്ചായത്ത് വഹിക്കണം എന്നും നിഷ്കർഷിച്ചിരുന്നു. എന്നാൽ ഇതിന് വിരുദ്ധമായി വർക്കിന്റെ ആകെ മൂല്യത്തിൽ നിന്നും ഈ തുകകൾ കുറച്ചുള്ള തുക മാത്രമേ കൺവീനർക്ക് നൽകിയിട്ടുള്ളൂ. അപാകത ഒഴിവാക്കേണ്ടതാണ്.

## 3-5 <u>ഭവനപുനരുദ്ധാരണം - പ്രോജക്ടിലെ ന്യൂനതകൾ - സംബന്ധിച്ച്</u>

1. S0029/16 എസ്.സി.

അടങ്കൽ : 6,50,000/- (വികസനഫണ്ട് എസ്.സി.)

ചെലവ് :ബിൽ നമ്പർ - 16-15/16 തീ.21.3.16 25,000

ബിൽ നമ്പർ - 24-15/16 തീ.29.3.16 12,500

ബിൽ നമ്പർ - 29-15/16 തീ.31.3.16 12,500

പ്രോജക്ടിലുൾപ്പെടുത്തി 3 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷ,

കരാർ, പ്രവൃത്തി പൂർത്തീകരിച്ചതായുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, എസ്റ്റിമേറ്റ്, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഭവനപുനരുദ്ധാരണത്തിനായി 12500/- രൂപ കൈപ്പറ്റിയ ഗുണഭോക്താക്കളായ അനിരുദ്ധൻ, തച്ചാറയിൽ (ഡി.ഡി.നമ്പർ 606040/18.3.16), കൊച്ചുകുഞ്ഞ്, പാലത്തറ (ഡി.ഡി.നമ്പർ 607011/2.4.16) എന്നിവർ തുടർ ഗഡു കൈപ്പറ്റി ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല.

2. S0028/16 ജനറൽ

അടങ്കൽ : 9,75,000/- (വികസനഫണ്ട് സാധാരണ വിഹിതം -6,50,000 + സി.എഫ്.സി.3,25,000)

ചെലവ് : ബിൽ നമ്പർ - 11/15-16, തീയതി – 21.3.16, 3,25,000/-

ബിൽ നമ്പർ - 15/15-16, തീയതി – 21.3.16, 62,500/-

ബിൽ നമ്പർ - 21/15-16, തീയതി – 29.3.16, 75,000/-
ബിൽ നമ്പർ - 26/15-16, തീയതി – 30.03.2016, 37,500/-

ബിൽ നമ്പർ - 28/15-16, തീയതി – 30.3.16, 12,500/-

ഭവന പുനരുദ്ധാരണ പദ്ധതിയിലുൾപ്പെടുത്തി 31 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അപേക്ഷ, കരാർ, പ്രവൃത്തി പൂർത്തീകരിച്ചതായുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം, എസ്റ്റിമേറ്റ്, എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 31 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ 21 ഗുണഭോക്താക്കൾക്കും 12500/- രൂപ വീതമാണ് തൻവർഷം നൽകിയിട്ടുള്ളത്. 12500/- രൂപ കൈപ്പറ്റിയ ഗുണഭോക്താക്കൾ തുടർ ഗഡു കൈപ്പറ്റി ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങളും ലഭ്യമാക്കിയിട്ടില്ല. 12500/- രൂപ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. സാവിത്രി, രാധാകൃഷ്ണവിലാസം, ഡി.ഡി.നമ്പർ - 606046/18.3.16
2. സാറാമ്മ, ഞെട്ടൂർതറയിൽ, ഡി.ഡി.നമ്പർ - 606045/18.3.16
3. അമ്മിണി തോമസ്, മണലേൽ, ഡി.ഡി.നമ്പർ - 606063/18.3.16
4. പ്രീയ, വടക്കടത്തേത്ത് വൈഷ്ണവം, ഡി.ഡി.നമ്പർ - 606049/18.3.16
5. ശ്രീധരൻ, കാഞ്ഞിരം പറമ്പിൽ, ഡി.ഡി.നമ്പർ - 606034/18.3.16
6. രാജേന്ദ്രൻപിള്ള, ശ്രീകൃഷ്ണവിലാസം, ഡി.ഡി.നമ്പർ - 606031/18.3.16
7. .രാജേന്ദ്രകുമാർ, രാഹുൽഭവനം, ഡി.ഡി.നമ്പർ - 606030/18.3.16
8. എം.റ്റി.ശാമുവൽ, കൊച്ചുപുത്തൻപുരയിൽ, ഡി.ഡി.നമ്പർ - 606044/18.3.16
9. പ്രസന്നകുമാരി, മാടശ്ശേരി പുത്തൻകണ്ടത്തിൽ, ഡി.ഡി.നമ്പർ - 606032/18.3.16
10. രാധ, തറയിൽ, ഡി.ഡി.നമ്പർ - 606054/18.3.16
11. ജ്ഞാനമ്മ ജോയി, വളയംകണ്ടത്തിൽ, ഡി.ഡി.നമ്പർ - 606053/18.3.16
12. ജോർജ്ജ്, പറമ്പത്തേത്ത്, ഡി.ഡി.നമ്പർ - 606050/18.3.16
13. മണിയമ്മ, പൂപ്പറത്തിൽ തെക്കതിൽ, ഡി.ഡി.നമ്പർ - 606064/18.3.16
14. ശിവരാമൻ, ചോറുവേലി പുത്തൻതറയിൽ, ഡി.ഡി.നമ്പർ - 606066/18.3.16
15. രവീന്ദ്രൻ, വല്യപറമ്പിൽ, ഡി.ഡി.നമ്പർ - 606065/18.3.16
16. ശശിധരൻപിള്ള, തോണ്ടേത്ത്, ഡി.ഡി.നമ്പർ - 606048/18.3.16
17. ഷൈനി ബാബു, പ്ലമൂട്ടിൽ കിഴക്കേവാതക്കൊള്ളിൽ, ഡി.ഡി.നമ്പർ - 606059/18.3.16
18. എ.എൻ.മോഹനൻ, ആശാരിപറമ്പിൽ, ഡി.ഡി.നമ്പർ – 606057/18.3.16
19. സുഭദ്രാമ്മ, അനുഭവനം, ഡി.ഡി.നമ്പർ - 606033/18.3.16
20. മറിയാമ്മ ദാനിയേൽ, പള്ളത്ത്, ഡി.ഡി.നമ്പർ – 606058/18.3.16
21. ശങ്കരി, തറയിൽ ഡി.ഡി.നമ്പർ - 606014/18.3.16

മേൽ പ്രോജക്ടുകളിലെ അപാകത സംബന്ധിച്ച് 8/13.1.16 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും

മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ആദ്യ ഗഡു കൈപ്പറ്റിയതിന് ശേഷം നാളിതുവരെയും ഭവന പുനരുദ്ധാരണം പൂർത്തിയാക്കാത്തവർക്കായി രണ്ട് പ്രോജക്ടുകളിലുമായി ചെലവഴിച്ച 287,500/- രൂപ (25000 + 262500) തടസ്സപ്പെടുത്തുന്നു. പുനരുദ്ധാരണ പ്രവർത്തികൾ പൂർത്തിയാക്കാത്ത പക്ഷം മുൻകൂർ നൽകിയ തുക ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-6 പൊതുമരാമത്ത് മേഖലയിലെ ആസൂത്രണം, നിർവഹണം - അപാകതകൾ

രണ്ടു പഞ്ചായത്തുകളുടെ ചുമതലയുള്ള ഒരു അസ്സിസ്റ്റന്റ് എഞ്ചിനീയറും 2 ഓവർസിയർമാരുമാണ് എഞ്ചിനീയറിംഗ് വിഭാഗത്തിലുള്ളത്. പശ്ചാത്തല മേഖലയിൽ മറ്റ് മേഖലകളെ അപേക്ഷിച്ച് കൂടുതൽ പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി തുക വിവിധ വാർഡുകളിലായി വീതിച്ചു നൽകുന്ന പ്രവണത തുടരുന്നതിനാൽ ചെറിയ അടങ്കലുള്ള അനേകം പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കാൻ ഈ വിഭാഗം നിർബന്ധിതമാകുന്നു. 2015-16 വർഷം 45 പ്രോജക്ടുകൾക്കായി 15199585/- രൂപ വകയിരുത്തുകയും 7471779/- രൂപയ്ക്ക് 30 പ്രോജക്ടുകൾ നടപ്പിലാക്കുകയും ചെയ്തു. വകയിരുത്തിയതിന്റെ 50% പോലും ചെലവഴിച്ചിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കുന്നതിലുള്ള ഉദാസീനത 19 ലക്ഷത്തിലധികം തുക പഞ്ചായത്തിന് നഷ്ടമാകുന്നതിന് വഴിതെളിച്ചു. മാർച്ച് മാസത്തിലാണ് കൂടുതൽ പദ്ധതികളും നടപ്പിലാക്കിയിട്ടുള്ളത്. പരിമിതമായ സ്റ്റാഫ് മാത്രമുള്ള സാഹചര്യത്തിൽ, നടപ്പിലാക്കിയ മുഴുവൻ സൈറ്റുകളും സന്ദർശിച്ച് പ്രവർത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധ്യമല്ല. ഇത് മരാമത്ത് പണികളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അടങ്കൽ തുകയിൽ വർദ്ധനവ് വരുത്തിക്കൊണ്ട് പ്രോജക്ടുകളുടെ എണ്ണത്തിൽ കുറവു വരുത്തുന്നതിനും പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ വർഷാരംഭം മുതൽ തന്നെ തുടങ്ങുന്നതിനും ഏറ്റെടുത്ത പ്രോജക്ടുകൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനും ബന്ധപ്പെട്ടവർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. 2014-15 ലെ B15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിക്ക് മാത്രമാണ് അരിയർ ഡിമാന്റ് ഉള്ളത്. എന്നാൽ 2015-16-ലെ RP43 സ്റ്റേറ്റ്മെന്റ് പ്രകാരം ട്രേഡേഴ്സ് തൊഴിൽ നികുതിയായി 11890/- രൂപയും ഡി&ഒ ഇനത്തിൽ 4100/- രൂപയും വാടകയിനത്തിൽ 4500/- രൂപയും അരിയർ കളക്ഷൻ കാണിച്ചിട്ടുണ്ട്.
2. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ആസ്തി സംബന്ധിച്ച കണക്കുകളുടെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 43950 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 43950 |
| ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 43950 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 43950 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

--ഇല്ല--

4-5 വായ്പ/ വായ്പ തിരിച്ചടവ്

--ഇല്ല--

4-6 സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

4-7. ഓഡിറ്റ് റിക്കവറി

--ഇല്ല--

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

--ഇല്ല--

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16657577 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 24446683 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22833 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 287500 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-3 | | 14739 | അഫ്സൽ. വൈ, അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| | | | ശ്രീകല. കെ. ജി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-4 | | 8094 | അഫ്സൽ. വൈ, അസ്സിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 22833 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളും, ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2,87,500/- | ജയകൃഷ്ണൻ, വി. ഇ. ഒ |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അഫ്സൽ.വൈ.<br>അസിസ്റ്റന്റ് എഞ്ചിനീയർ | | അഫ്സൽ ലാന്റ്,<br>കുളമുട്ടം പി.ഒ,<br>മുങ്ങോട്, വർക്കല |
| ശ്രീകല.കെ.ജി.<br>(അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) | അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെങ്ങന്നൂർ ബ്ലോക്ക് | |
| ജയകൃഷ്ണൻ | വി.ഇ.ഒ., പാണ്ടനാട് ഗ്രാമപഞ്ചായത്ത് | |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 1998-99 | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 1999-00 | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 2002-03(ചെലവ്) | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 2003-04(ചെലവ്) | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 2004-05(ചെലവ്) | എൽ.എഫ്.ജി.എ5-1832/11./01.02.12 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11./07.02.12 |
| 2006-07 | എൽ.എഫ്.ജി.എ5-1577(ബി)/14/04.05.14 |
| 2007-08 | എൽ.എഫ്.ജി.എ5-1577(ബി)/14/04.05.14 |
| 2008-09, 09-10, 10-11 | എൽ.എഫ്.ജി.എ5-1577(ബി)/14/04.05.14 |
| 2011-12,12-13 | എൽ.എഫ്.എ.പി.7-1250/14/29.8.14/1.11.14 |
| 2013-14 | എൽ.എഫ്.എ.പി.7-679/15/16.07.15/06.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി. പി7/833/16 |

ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ

നം. കെ.എസ്.എ-എ.എൽ.പി-പി.7-48/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com
തീയതി - 21.01.2017

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 4-1 ലെപരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാണ്ടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP- P.7-48/17

Kerala State Audit Department,

District Audit Office, Alappuzha.
Phone : 0477 2252753
E-mail : ddhglfalpy@gmail.com
Date : 21.01.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Pandanad Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of Pandanad Gramapanchayat for the year 2015-16 except the observations in my audit report Para 4-1, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha